**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 4069** **21.07.2015 ൽ മറുപടിയ്ക്ക്**

## എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. വി. ശിവൻകുട്ടി:** | **ശ്രീ. കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)** |
| എ) ഗ്രാമവികസന വകുപ്പിനു കീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങളിൽ (എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ) ആർക്കൊക്കെയാണ് പരിശീലനം നൽകുന്നത് ; | എ) ഗ്രാമവികസന വകുപ്പ്, ഇതര വകുപ്പുകളിലെ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, കുടുംബശ്രീ അംഗങ്ങൾ, സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികൾ, കർഷകർ, എസ്.സി / എസ്.റ്റി പ്രൊമോട്ടർമാർ എന്നിവർക്ക് വികസന പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകുന്നു. |
| ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ ഒരു പരിശീലനാർത്ഥിക്ക് പ്രതിദിനം എത്ര രൂപയാണ് ഭക്ഷണത്തിനായി അനുവദിച്ചിരിക്കുന്നതെന്നും ഒരു ഫാക്കൽറ്റി അംഗത്തിന് പ്രതിദിനം എത്ര രൂപയാണ് പ്രതിഫലമായി നൽകുന്നതെന്നും വ്യക്തമാക്കുമോ; | ബി) ഒരു പരിശീലനാർത്ഥിക്ക് പ്രതിദിനം ഭക്ഷണത്തിനായി 80 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഒരു ഫാക്കൽറ്റി അംഗത്തിന് പ്രതിഫലമായി മണിക്കൂറിന് 150/- രൂപയാണ് നൽകുന്നത്. |
| സി) മേൽ പറഞ്ഞ തുകകൾ പര്യാപ്തമാണോ എന്നും പര്യാപ്തമല്ലെങ്കിൽ ആയതു പര്യാപ്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ? | സി) മേൽ തുക പര്യാപ്തമല്ലാത്തതിനാൽ തുക വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗ്രാമ വികസന കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ